No of pages:4

INDIAN SCHOOL SOHAR
PERIODIC TEST- II (2019-20)
MALAYALAM

**CLASS:X** **MAX. MARKS: 80**
**DATE:29/09 /2019** **DURATION: 3 HRS.**

General instructions

_ Please check that this question paper contains 4 printed pages.
_ Please check that this question paper contains 4 sections
_ Please write down the Serial Number of the question before attempting it.
_ The Question Paper is divided in to four sections:-

| | |
|---|---|
| Section A: Reading Comprehension | 10 marks |
| Section B: Writing | 14 marks |
| Section C: Grammar | 20marks |
| Section D: Literature | 36 marks |

## എ വിഭാഗം

1.താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (10)

മനുഷ്യന്റെ സഞ്ചാരപ്രിയത്തിന് മനുഷ്യോൽപത്തിയുടെ അത്ര തന്നെ പഴക്കമുണ്ട്. ലോകത്തിന്റെ നാനാകോണിൽ പല കാലങ്ങളിൽ ഉടലെടുത്ത സംസ്കാരത്തിന്റെ ഉൽപത്തിക്കുപിന്നിൽ പലപല ഗോത്രസമൂഹങ്ങൾ വൻകരകൾ താണ്ടി നടത്തിയ ദീർഘയാത്രകളുടെ ചരിത്രമുണ്ട്. ശത്രുക്കളെ പേടിച്ചും ഭക്ഷ്യക്ഷാമത്തിൽനിന്നു മോചനം തേടിയും അവർ ദേശാന്തരങ്ങളിലേക്കു യാത്ര ചെയ്തു. അതിൽനിന്നുള്ള അനുഭവപാഠങ്ങളിലൂടെ വളർന്നുവന്നവരാണ് ഇന്നത്തെ മനുഷ്യസമൂഹം. അന്യനാടുകൾ ചുറ്റിക്കാണാൻ അവസരം കിട്ടിയവർ മറ്റുള്ളവർക്കുവേണ്ടി അവരുടെ യാത്രാനുഭവങ്ങൾ കുറിച്ചുവയ്ക്കാൻ തുടങ്ങി. അങ്ങനെ സഞ്ചാരികളുടേതായ ഒരു സാഹിത്യശാഖ പിറന്നു. ഫാഹിയാൻ, ഹുയാൻസാങ് എന്നിവരുടെ വിശദമായ വിവരണങ്ങളാണ് ഇന്ത്യയെക്കുറിച്ചുണ്ടായ ആദ്യകാല സഞ്ചാരക്കുറിപ്പുകളിൽ പ്രധാനം. പാശ്ചാത്യനാടുകളിൽ ഇന്ത്യയുടെ ഖ്യാതി എത്തിച്ചത് മാർക്കോപോളയാണ്.മലയാളത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യകൃതിയാണ് 'വർത്തമാനപ്പുസ്തകം'. പാറേമ്മാക്കൽ തോമ്മാക്കത്തനാരും കരിയാറ്റിൽ മല്പാനോടൊപ്പം റോമിലേക്കു നടത്തിയ ഒരു യാത്രയിലെ വിവരങ്ങളാണ് അതിലെ ഉള്ളടക്കം. ലോകം മുഴുവൻ ചുറ്റിക്കണ്ട് അവയെല്ലാം മലയാളിക്കുവേണ്ടി രേഖപ്പെടുത്തിയ സഞ്ചാരസാഹിത്യകാരനാണ് എസ്.കെ പൊറ്റെക്കാട്ട്.

ചോദ്യങ്ങൾ

a) ഗോത്ര സമൂഹങ്ങൾ വൻകരകൾ താണ്ടിയതെന്തിന്?
b) സഞ്ചാരസാഹിത്യശാഖ പിറന്നതെങ്ങനെ?
c) മലയാളത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യകൃതിയേത്? അതിലെ ഉള്ളടക്കമെന്ത്?
d) പാശ്ചാത്യനാടുകളിൽ ഇന്ത്യയുടെ ഖ്യാതി എത്തിച്ചതാര്?
e) ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം കണ്ടെത്തുക.

## ബി വിഭാഗം

2.ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ട് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. (7)

a) പ്രകൃതിദുരന്തങ്ങളും ദുരന്തനിവാരണ മാർഗ്ഗങ്ങളും
b) ലഹരിക്കെണിയിൽ വീണുപോകുന്ന കൗമാരം
c) ആഗോളതാപനം ഉയത്തുന്ന വെല്ലുവിളികൾ

3.സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് വിദ്യാർഥികളെ ബോധവൽക്കരിക്കുന്ന പരമ്പര പ്രസിദ്ധീകരിച്ചതിൽ പത്രാധിപരെ അനുമോദിച്ചുകൊണ്ട് ഒരു കത്ത് തയ്യാറാക്കുക. (7)

## സി വിഭാഗം

4.പ്രയോഗം മാറ്റുക. (2)

a) എന്റെ ജയത്തിനുവേണ്ടി നിങ്ങളാൽ ആവുന്നതൊക്കെ ചെയ്യപ്പെട്ടു.
b) ദ്രോണർ പുത്രന് ബ്രഹ്മശിരസ്സെന്ന അസ്ത്രം നൽകിയിട്ടുണ്ട്.

5.അംഗ അംഗി വാക്യങ്ങൾ വേർതിരിക്കുക. (2)

a) കൈയിൽ ഘടികാരമില്ലെങ്കിലും ഒരു കർഷകന്റെ ജൻമസിദ്ധിയിലൂടെ വെള്ളായിയപ്പൻ സമയം അറിഞ്ഞു.
b) ഭാരതമാകട്ടെ നടന്ന കഥ മാത്രമല്ല നടക്കാനിരിക്കുന്ന കഥ കൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു.

6.വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. (2)

a) യുദ്ധത്തിന്റെ ആദ്യദിവസങ്ങളിൽ ഈ കരാറെല്ലാം ഏതാണ്ട് ഏറെക്കുറേ പാലിക്കപ്പെട്ടു.
b) ബന്ധുക്കൾക്കിടയിൽ പ്രതാപത്തോടും ശ്രീയോടും ഐശ്വര്യത്തോടും കൂടിയിരിക്കുന്ന ഒരുവനോടാണ് ഒരാളിതു ചെയ്തതെങ്കിൽ ബഹുമാനിക്കാമായിരുന്നു.

7.അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. (2)

a) പട്ടകളിൽ കാറ്റിരമ്പുന്നത് വെള്ളായിയപ്പന് അന്നാദ്യമായി അപരിചിതമായി തോന്നി.
b) വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽനിന്നു നിലവിളി ഉയർന്നു

8.വാക്യത്തിൽ പ്രയോഗിക്കുക. (2)

a) മൂലോച്ഛേദം
b) ബലികഴിക്കുക

9.പര്യായപദമെഴുതുക. (2)

a) അസ്ഥി
b) മഞ്ഞ്

10.നാനാർത്ഥം എഴുതുക. (2)

a) ചിത്രം
b) വല്ലി

11.വിപരീതം എഴുതുക. (1)

a) ദൃഢം (സുദൃഢം , വിദൃഢം, ശിഥിലം, ശീഘ്രം)

12.അർത്ഥവ്യത്യാസമെഴുതുക. (1)

a) ഹേതു, കേതു (കൊടി, കാരണം, അഹങ്കാരം, യാഗം)

13.എതിർലിംഗം എഴുതുക. (1)

a) ഹന്താവ് (ഹന്താവി, ഹന്തൻ, ഹന്ത്രി, ഹന്തി)

14.ശരിയായപദം ഏത്?. (1)

a) സ്വാന്തനം, സാന്ത്വനം, സാന്തനം, സ്വാന്ത്വനം

15. സന്ധി ഏത്?. (1)

a) തൊണ്ടയിൽ (ആഗമസന്ധി, ലോപസന്ധി, ആദേശസന്ധി, ദ്വിത്വസന്ധി)
b) സാരമായ് (ആഗമസന്ധി, ലോപസന്ധി, ആദേശസന്ധി, ദ്വിത്വസന്ധി

16. സമാസം നിർണ്ണയിക്കുക. (1)

a) അന്യജീവനുതകി
(സംബന്ധികാ തൽപുരുഷസമാസം, ഉദ്ദേശികാതൽപുരുഷസമാസം, ബഹുവ്രീഹി, ദ്വന്ദ്വസമാസം)

b) തപ്പിപ്പിടഞ്ഞ്
(സംബന്ധികാതൽപുരുഷസമാസം, ഉദ്ദേശികാതൽപുരുഷസമാസം, ദ്വന്ദ്വസമാസം ബഹുവ്രീഹി)

## ഡി വിഭാഗം

17.ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. (4)

a).'ചിരമഹോ! കൊതിച്ചു ഞാൻ'. കൊതിച്ചതെന്തിന് ?
(സന്ന്യാസിനിയാകാൻ, തപസ്സിന്, കവിതയെഴുതാൻ , ദിവാകരനെ കാണാൻ)

b).ആരെയാണ് സൗമിത്രി എന്ന് വിളിക്കുന്നത്?
(ദിവാകരനെ, എഴുത്തച്ഛനെ, രാമനെ, ലക്ഷ്മണനെ)

c)വെള്ളായിയപ്പന്റെയും കണ്ടുണ്ണിയുടെയും ഗ്രാമം ഏത്?
(പാഴുതറ, തസ്രാക്ക്, കഞ്ചിക്കോട്, കണ്ണാറ)

d)'ലക്ഷമണസാന്ത്വനം' ആധ്യാത്മരാമായണത്തിലെ ഏത് കാണ്ഡത്തിലുള്ളതാണ്?
(ബാലകാണ്ഡം , അയോദ്ധ്യാകാണ്ഡം, യുദ്ധകാണ്ഡം, ആരണ്യകാണ്ഡം)

e).നളിനി എന്ന കൃതി ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്നു?
(മഹാകാവ്യം, നിരൂപണം, ഖണ്ഡകാവ്യം, നോവൽ)

f).സർവഭൂതാത്മാവാര്?
(നാരദൻ, കൃഷ്ണൻ, വ്യാസൻ, ഭീമൻ)

g).ശപിക്കപ്പെട്ടവൻ എന്ന വാക്കിന് അർഹനാര്?
(അർജ്ജുനൻ, ഭീമൻ, വ്യാസൻ, അശ്വത്ഥാമാവ്, )

h)ഖസാക്കിന്റെ ഇതിഹാസകാരനാര്?
(എസ്.കെ.പൊറ്റെക്കാട്ട്, ഒ.വി.വിജയൻ, എ.പി.ഉദയഭാനു, ശരൺകുമാർ ലിംബാളെ)

**18.ഉത്തരമെഴുതുക.**

a). ''വേദങ്ങൾ പ്രമാണമാണെങ്കിൽ ഞാൻ അക്ഷയ ലോകങ്ങൾ നേടിയിരിക്കുന്നു.''ദുര്യോധനന്റെ ഈ വാക്കുകൾക്ക് അടിസ്ഥാനമുണ്ടോ എന്ന് പരിശോധിക്കുക. (4)

b) ജീവിതം ക്ഷണികമാണെന്ന് ശ്രീരാമൻ ലക്ഷ്മണനെ ബോധ്യപ്പെടുത്തുന്നതെങ്ങനെ? (4)

c).'ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പ പരിപാടലം മുഖം,
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ_
ധാരയാർന്ന പനിനീർ സുമോപമം'....ഈ വരികളിലെ ചമൽക്കാരഭംഗി കണ്ടെത്തി എഴുതുക. (4)

d). 'സംബോധനകൾക്കിടയിലെ മൗനങ്ങളാണ് കടൽത്തീരത്ത് എന്ന കഥയെ ഭാവസാന്ദ്രമാക്കുന്നത്'. സമർത്ഥിക്കുക (4)

e). ''ഭാവശാലികൾ പിരിഞ്ഞുകൂടിയാ_
ലീവിധം വികലമാം സുഖോദയം''
ഭാവശാലികളാര്? പിരിയാനുള്ള കാരണമെന്ത്? (4)

f). ''ഗുരുഘാതികൾക്ക് കുലപാംസന, ലോകങ്ങളില്ല''.ദ്രൗണി ഇങ്ങനെ പറഞ്ഞതിന്റെ പൊരുളെന്ത്? (4)

19.ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (8)

a) ചട്ടമ്പിസ്വാമികളുടെ ശിഷ്യൻമാരെയും അനുയായികളെയും കുറിച്ച് ഒരു ലഘുവിവരണം നൽകുക.
b) സുബ്ബാ ജടാപാഠിയുമായുള്ള സംഗമം ചട്ടമ്പിയുടെ ജീവിതത്തിലെ ഒരു പ്രധാന വഴിത്തിരിവായി മാറിയതെങ്ങനെ? വിശദീകരിക്കുക.
c) ചട്ടമ്പിസ്വാമികളുടെ ഷഷ്ട്യബ്ദപൂർത്തി ആഘോഷിച്ചതെങ്ങനെ?

**********************